(സി) നവീന പദ്ധതികളിൽ പ്രധാനമായവ താഴെ ചേർക്കുന്നു :

1. അഷ്ടമുടി IT Building-ന്റെ 2-ഉം 3-ഉം നിലകളിൽ ഒരുക്കുന്ന SBC ഓഫീസുകൾ.

2. കണ്ടറ ടെക്നോപാർക്ക് കാമ്പസിൽ നിർമ്മിക്കുന്ന Working women's Hostel, ലേഡീസ് ഹോസ്റ്റൽ.

ചെറുകിട കർഷകരുടെയും ബി.പി.എൽ. കുടുംബത്തിൽപ്പെട്ട കുടുംബത്തിലെയും പെൺകുട്ടികൾക്ക് ലാപ് ടോപ്പ്

311 (660) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട കർഷകരുടെയും ബി.പി.എൽ കുടുംബത്തിൽപ്പെട്ട കുടുംബത്തിലെയും പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടിയ എല്ലാ പെൺകുട്ടികൾക്കും ലാപ് ടോപ്പ് സൗജന്യമായി നല്കിയിട്ടുണ്ടോ ; എത്ര പേർക്ക് നല്കുകയുണ്ടായി ; ഇതിനായി ചെലവഴിച്ച മൊത്തം തുക എത്ര ; നടപ്പ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്രയായിരുന്നു ;

(ബി) ഏതു ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് ; എത്ര ലാപ് ടോപ്പുകൾ ഇതിനായി വാങ്ങുകയുണ്ടായി ; വിതരണം ചെയ്തവ എത്ര ; ഏത് കമ്പനിയുടെ എന്ത് വിലയുള്ള ലാപ്ടോപുകൾ വാങ്ങുകയുണ്ടായി ;

(സി) ഇതിനായി ടെണ്ടർ നടപടികൾ സ്വീകരിക്കുകയുണ്ടായോ ; ഏതെല്ലാം കമ്പനികൾ ക്വാട്ട് ചെയ്തു ; ക്വാട്ട് ചെയ്ത തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ നല്കാമോ ?

<u>ഉത്തരം</u>

(എ-സി) ഇല്ല. പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുന്ന ചെറുകിട കർഷക കുടുംബത്തിലേയോ ബി.പി.എൽ. കുടുംബത്തിലോപ്പെട്ട പെൺകുട്ടികൾക്ക് ലാപ് ടോപ്പ് നൽകുന്നതിനായി 2014-15 ബഡ്ജറ്റിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതിക്ക് 28-2-2015-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 29/2015/ഐടിഡി പ്രകാരം ഭരണാനുമതി നൽകി കഴിഞ്ഞു. 2014-15 സാമ്പത്തിക വർഷത്തിൽ 1500 പെൺകുട്ടികൾക്ക് 525 ലക്ഷം രൂപ ചെലവിൽ ലാപ് ടോപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും/സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും സഹായത്തോടെ യോഗ്യരായ വിദ്യാർത്ഥിനികളെ കണ്ടെത്തി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ലാപ് ടോപ്പുകൾ വിതരണം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly